**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 122** **23-08-2022 - ൽ മറുപടിയ്ക്ക്**

**കൊടിയത്തൂർ മുക്കുപണ്ട പണയ തട്ടിപ്പ് കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട്, കൊടിയത്തൂർ കേന്ദ്രീകരിച്ച് നടന്ന മുക്കുപണ്ട പണയ തട്ടിപ്പ് കേസിന്റെ വിശദാംശങ്ങളും നിലവിലെ അവസ്ഥയും വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് കേരള ഗ്രാമീൺ ബാങ്കിന്റെ കൊടിയത്തൂർ ശാഖയിൽ നടന്ന മുക്കുപണ്ട പണയ തട്ടിപ്പ് സംബന്ധിച്ച് മുക്കം പോലീസ് സ്റ്റേഷനിൽ നാലു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകൾ അന്വേഷണാവസ്ഥയിലാണ്.<br><br>പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ മുക്കം ശാഖയിൽ നിന്നും സമാന സ്വഭാവമുള്ള കുറ്റകൃത്യം നടത്തിയതിന് മുക്കം പോലീസ് സ്റ്റേഷനിൽ രണ്ടു കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. പന്തീരങ്കാവ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ഒരു കേസ് അന്വേഷണം പൂർത്തിയാക്കി ബഹു. കോടതിയിൽ വിചാരണ നടന്നു വരുന്നു. |
| (ബി) | ഇതിന്റെ പിന്നിലുള്ള റാക്കറ്റുകളെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ ലഭിക്കുന്നതിന് സമഗ്രാന്വേഷണത്തിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | ഇത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ